പ്രസിദ്ധീകരണത്തിന്

ഭരണഘടനയുടെ 103-ാം ഭേദഗതി അനുസരിച്ച് മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നർക്ക് ഏർപ്പെടുത്തിയിട്ടുള്ള 10 ശതമാനം സംവരണം കേരളത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി സാമ്പത്തികപിന്നാക്കാവസ്ഥയുടെ മാനദണ്ഡം നിർണ്ണയിക്കുന്നതിന് സർക്കാർ ശശിധരൻനായർ കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മീഷൻ നല്കിയ റിപ്പോർട്ടിൽ മുന്നാക്കസമുദായങ്ങളിലെ പിന്നാക്കക്കാരെ നിർണ്ണയിക്കാൻ വേണ്ടിയുള്ള മാനദണ്ഡങ്ങൾ മൂന്നുവർഷക്കാലത്തേക്ക് നിശ്ചയിച്ചിട്ടുണ്ട്. ആ കാലാവധി നാളിതുവരെ അവസാനിച്ചിട്ടില്ല.

കേരളസംസ്ഥാന മുന്നാക്കസമുദായങ്ങളുടെ പിന്നാക്കവിഭാഗകമ്മീഷൻ ചെയർമാൻ ജസ്റ്റീസ് എ.വി. രാമകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് 2019 ഫെബ്രുവരിയിൽ സർക്കാരിന് സമർപ്പിക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടിലെ പ്രധാന ശിപാർശയാണ് സംസ്ഥാനത്തെ ആകെ ജനസംഖ്യയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സമുദായങ്ങളുടെയും സാമൂഹിക-സാമ്പത്തിക-സാമുദായികസർവേ നടത്തണമെന്നും മുഴുവൻ സമുദായങ്ങളുടെയും ജനസംഖ്യാകണക്ക് എടുക്കണമെന്നും ഉള്ളത്.

ഈ ശിപാർശ നടപ്പിലാക്കുവാൻ എന്ന വ്യാജേനയാണ് ഒരു വാർഡിലെ അഞ്ചു കുടുംബങ്ങളുടെ വിവരം മാത്രം ശേഖരിച്ച് സാമ്പിൾ സർവേ നടത്താൻ കമ്മീഷൻ ഒരുങ്ങുന്നത്.

മുഴുവൻ സമുദായങ്ങളുടെയും ജനസംഖ്യാകണക്കെടുപ്പും ഓരോ സമുദായത്തിന്റെയും സാമൂഹിക-സാമ്പത്തിക-സാമുദായിക സർവേയും നടത്താനുള്ള ശിപാർശ അട്ടിമറിച്ചുകൊണ്ടാണ്, അതിന് കടകവിരുദ്ധമായി സാമ്പിൾ സർവേ നടത്തുന്നത്. സാമ്പിൾ സർവേയിലൂടെ മുന്നാക്കവിഭാഗങ്ങളിലെ പിന്നാക്കാവസ്ഥയുടെ നേർചിത്രം രേഖപ്പെടുത്താൻ കഴിയില്ല.

ഒരു സർവേ നടത്താൻ ഏറ്റവും അടിസ്ഥാനപരമായി കമ്മീഷൻ ചെയ്യേണ്ടിയിരുന്നത്, മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികപിന്നാക്കാവസ്ഥ നിർണ്ണയിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ആ മാനദണ്ഡങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കാനുള്ള ശാസ്ത്രീയമായ രീതി നിർണ്ണയിക്കുകയുമായിരുന്നു. ഇതൊന്നും ചെയ്യാതെ ദ്രുതഗതിയിൽ സർവേ നടത്താനുള്ള ശ്രമം മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കംനില്ക്കുന്ന വിഭാഗത്തിന്റെ അവകാശങ്ങൾ ധ്വംസിക്കുന്നതാണ്.

ആയതിനാൽ, കമ്മീഷന്റെതന്നെ ശിപാർശകൾക്ക് എതിരായിട്ടുള്ളതും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമായ സർവേ നടപടികളിൽനിന്ന് കമ്മീഷൻ പിന്തിരിയാൻ സർക്കാർ നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെടുന്ന നിവേദനം എൻ.എസ്.എസ്സിനു വേണ്ടി ജനറൽ സെക്രട്ടറി ഇന്നലെ മുഖ്യമന്ത്രിക്ക് നല്കുകയുണ്ടായി.

പെരുന്ന
26.11.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി